# വികസനം ലിംഗനീതി ഉറപ്പുവരുത്തുന്നില്ല

ഗാർഗ്ഗി

**1.** ഇപ്പോൾ ഇവിടെ നടക്കുന്നത് മുതലാളിത്തരീതിയിലുള്ള വികസനമാണ്. പണത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് ഒരുപാട് ഭൗതിക വസ്തുക്കൾ വാങ്ങുക എന്നതാണ് വികസനമായി പരിഗണിക്കുന്നത്. എല്ലാവർക്കും അങ്ങനെ വികസിക്കാൻ കഴിയും എന്നത് ഒരു തെറ്റായ അവതരണമാണ്. മുതലാളിത്ത ഉത്പന്നങ്ങൾ വാങ്ങിക്കൂട്ടുന്നതിന് ശേഷിയുണ്ടാവുക എന്നത് വികസനമായി പരിഗണിക്കാൻ കഴിയില്ല. ഓരോ നാടിനും ഓരോ ജനതയ്ക്കും വേണ്ടതെന്തെന്ന് മനസ്സിലാക്കി വികസനം നിശ്ചയിക്കുകയാണ് വേണ്ടത്. ഓരോ സാമൂഹ്യ വിഭാഗങ്ങൾക്കും വേണ്ടത് എന്താണ് എന്നതിനെക്കുറിച്ച് അവരുടേതായ സങ്കൽപ്പങ്ങളാണുള്ളത്. കത്വവയിൽ കൂട്ടബലാത്സംഗത്തിന് ഇരയായ അസിഫയെ സംബന്ധിച്ച് അവൾ ഒരു ജിപ്സി കമ്മ്യൂണിറ്റിയിൽ നിന്നുള്ളയാളാണ്. അവളുടെ ജീവിത പരിസരത്തിൽ നിന്ന് ആലോചിക്കുമ്പോൾ വികസന ആവശ്യം നമ്മൾ ഉദ്ദേശിക്കുന്ന കാര്യങ്ങളേ ആയിരിക്കില്ല. അതുപോലെ നമുക്ക് വിലയിരുത്താൻ കഴിയാത്ത അനേകം ജീവിതശൈലികളുണ്ട്. അതോരോന്നും വ്യത്യസ്തമായി തന്നെ പരിഗണിക്കാൻ കഴിയുന്ന വികസനമാണ് വരേണ്ടത്. ജാനുവിന്റെ ആത്മകഥയിൽ ജാനു പറയുന്ന ഒരു കാര്യമുണ്ട്. വയനാട്ടിലെ ആദിവാസി ഗ്രാമങ്ങളിലേക്ക് ആദ്യം വരുന്ന വികസനം റോഡ് ആയിരിക്കുമെന്ന്. പക്ഷെ റോഡ് വരുന്ന ആ സമയത്ത് ആദിവാസി കോളനികളിൽ ആർക്കും ഒരു സൈക്കിൾ പോലും ഉണ്ടായിരുന്നില്ല. പിന്നെ എന്തിനാണ് റോഡിന് മുഖ്യ പരിഗണന ലഭിക്കുന്നത്? അതാണ് വികസനത്തിന്റെ പ്രശ്നം. ഓരോ പ്രദേശത്തിനും അനുയോജ്യമായതെന്താണെന്ന് അത് നോക്കാറേയില്ല. കേന്ദ്രീകൃതമായി തീരുമാനങ്ങളുണ്ടാവുകയും ജനങ്ങളുടെ മുൻഗണനകൾക്ക് വികസന പ്രക്രിയയിൽ സ്ഥാനമില്ലാതിരിക്കുകയും ചെയ്യുന്നതാണ് ഈ പ്രശ്നങ്ങൾക്കെല്ലാം കാരണം.

**2.** മനുഷ്യന്റെ ആവശ്യങ്ങൾ എന്ന സംഗതിയെ നിയന്ത്രിക്കുന്നതിന് വേണ്ടി വലിയൊരു സംവിധാനം തന്നെ പ്രവർത്തിക്കുന്നുണ്ടെന്ന് നാം മനസ്സിലാക്കണം. മുതലാളിത്തത്തിന്റെ താത്പര്യങ്ങൾക്കനുസരിച്ച് മനുഷ്യാവശ്യങ്ങളും തീരുമാനിക്കപ്പെടുകയാണ്. നമ്മുടെ ദൈനംദിന ജീവിതത്തിൽ നമുക്ക് ആവശ്യമില്ലാത്ത എത്രയോ വസ്തുക്കളാണ് നമ്മളറിയാതെ ആവശ്യമായി മാറുന്നത്. മുതലാളിത്ത വിപണിയെത്തന്നെ പ്രധാന പ്രശ്നമായി കണ്ടാൽ മാത്രമേ അതിൽ ഇടപെടാൻ കഴിയൂ. അഭിലാഷങ്ങൾ നിർമ്മിക്കുകയാണ് വിപണി ചെയ്യുന്നത്. ആവശ്യമാണോ അല്ലയോ എന്ന് ഒരാൾക്ക് തീരുമാനിക്കാനുള്ള സാഹചര്യം പോലും അതുകൊണ്ട് പല സമയത്തും ലഭിക്കുന്നില്ല. വേണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നതിനുള്ള പ്രാപ്തിയുണ്ടാവുകയാണ് വേണ്ടത്. ആ പ്രാപ്തി കാണിച്ചില്ലെങ്കിൽ മാർക്കറ്റിന് എല്ലാ കാര്യങ്ങൾക്കും വഴങ്ങിക്കൊടുക്കേണ്ടി വരും.

**3.** ലിംഗനീതി ഉറപ്പുവരുത്തുന്നതിൽ വികസനത്തിന് പങ്കുണ്ട് എന്ന് കരുതുന്നില്ല. മാർക്കറ്റാണ് വികസനത്തെ നിയന്ത്രിക്കുന്നത് എന്നതിനാൽ നീതി ഉറപ്പാക്കപ്പെടില്ല. ആർത്തവത്തിന്റെ കാര്യം എടുക്കാം. നാപ്കിനുകൾ ഉപയോഗിക്കുന്നതിന് മുമ്പ് ചോര എന്നത് അറപ്പുള്ള കാര്യമായിരുന്നില്ല. നാപ്കിൻ വിപണിയാണ് ചോരയെ അറപ്പുള്ള കാര്യമാക്കിയത്. ആർത്തവത്തോടുള്ള സമീപനത്തിൽ മാറ്റം വരുന്നതിന് ഇത് കാരണമായിട്ടുണ്ട്. പല സാമൂഹ്യ ആവശ്യങ്ങൾക്ക് വേണ്ടിയായിരിക്കാം പല സാധനങ്ങളും ഉണ്ടായിവരുന്നത്. പക്ഷെ അത് എപ്പോഴും ഉപയോഗിക്കപ്പെടുന്നത് മാർക്കറ്റിന്റെ താത്പര്യത്തിനനുസരിച്ചാണ്. സമൂഹത്തിൽ വരുന്ന എല്ലാ പുതിയ സംഗതികളെയും സ്വാംശീകരിക്കാനും കച്ചവടവസ്തുവാക്കി മാറ്റാനുമുള്ള പ്രവണത മുതലാളിത്തത്തിനുണ്ട്. അതാണ് സാനിറ്ററി നാപ്കിനുകളുടെ രൂപത്തിലും വരുന്നത്. മാർക്കറ്റിൽ നിന്നും മുക്തമായിട്ടുള്ള ഒരു വികസന കാഴ്ചപ്പാട് രൂപപ്പെട്ടുവന്നില്ലെങ്കിൽ ലിംഗനീതിയും സാമൂഹ്യനീതിയും ഉറപ്പാക്കപ്പെടില്ല.

**(എഴുത്തുകാരി)**

# നിയന്ത്രിതമായ വിഭവ ഉപയോഗം ജീവിതശൈലിയാകണം

കെ.എം. ജയഹരി

**1.** വികസനം എന്നത് ഇന്നത്തെ സാഹചര്യത്തിൽ കൃത്യമായും സാമ്പത്തിക വളർച്ചയുമായി ബന്ധപ്പെട്ടു മാത്രം നോക്കിക്കാണുകയും കണക്കാക്കുകയും ചെയ്യുന്ന ഒന്നാണ്. നിരവധി ഘടകങ്ങളുടെ സമുച്ചയം എന്നതിൽ ഉപരിയായി അതിനെ കാണാൻ ഉള്ള initiatives അന്താരാഷ്ട്രതലത്തിൽ തന്നെ ആരംഭിച്ചിട്ടുണ്ട്. Sustainable Development Goals എന്ന ഈ സങ്കേതം ഇപ്പോൾ തന്നെ ഇന്ത്യ അടക്കമുള്ള ലോക രാജ്യങ്ങൾ പിന്തുടരാൻ ആരംഭിച്ചിട്ടുണ്ട്. 17 ഓളം Sustainable Development Goals വികസന സമുച്ചയത്തിന്റെ മിക്ക ഘടകങ്ങളെയും ഉൾക്കൊള്ളുന്നുണ്ട് എന്നതുകൊണ്ട് തന്നെ വികസന സമുച്ചയത്തിലെ ഘടകങ്ങളെ പറ്റി പ്രത്യേകിച്ച് പറയേണ്ടതുണ്ട് എന്ന് തോന്നുന്നില്ല. പക്ഷെ ഒരു രാജ്യം/ഭരണകൂടം/ജനത എന്ന രീതിയിൽ ഈ ലക്ഷ്യങ്ങളെ കൃത്യമായി എല്ലാ അർത്ഥത്തിലും നടപ്പിലാക്കാനുള്ള ആർജ്ജവവും ആത്മാർഥതയും ആണ് ഇല്ലാതെ പോകുന്നത്.

**2.** സുസ്ഥിര വിഭവ ഉപയോഗം (Sustainable Utilization of